20035
7/11/19

**കേരള സർക്കാർ**

സംഗ്രഹം

സാംസ്കാരികകാര്യ വകുപ്പ് - കോഴിക്കോട് ജില്ലയിൽ ഒളവണ്ണയിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന ഇൻഡോ - ഷാർജ കൾച്ചറൽ സെന്റർ, സാംസ്കാരിക വകുപ്പിന്റെ വൈക്കം മുഹമ്മദ് ബഷീർ സ്മാരക സാംസ്കാരിക സമുച്ചയം, ഇന്റർനാഷണൽ കൺവെൻഷൻ സെന്റർ എന്നിവയ്ക്ക് വേണ്ടി 30 ഏക്കർ 40 സെന്റ് സ്വകാര്യഭൂമി കിഫ്ബിയിൽ നിന്ന് തുക അനുവദിച്ച് ഏറ്റെടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ (സി) വകുപ്പ്**

**സ.ഉ.(കൈ)നം.20/2019/സാം.കാ.വ. തീയതി,തിരുവനന്തപുരം,25/10/2019**

---

പരാമർശം:- 1. സ.ഉ.(സാധാ)നം.71/2019/സാം.കാ.വ. തീയതി 16/02/2019

2. സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ 26/08/2019 ലെ പി4-2712/19/സാം.വ. നമ്പർ കത്ത്.

**ഉത്തരവ്**

ഷാർജാ ഭരണാധികാരിയായ സുൽത്താൻ ബിൻ മുഹമ്മദ്-അൽ-ക്വാസിമിയുടെ 2017 ലെ കേരള സന്ദർശന വേളയിൽ ഇരു പ്രദേശങ്ങളും തമ്മിലുള്ള ബന്ധം സുദൃഢമാക്കുന്നതിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിൽ ഒരു വിദ്യാഭ്യാസ സാംസ്കാരിക കേന്ദ്രം സ്ഥാപിക്കാമെന്ന് സമ്മതിച്ചിരുന്നു. സാംസ്കാരികകാര്യ വകുപ്പ് തയ്യാറാക്കിയ രൂപരേഖ പ്രകാരം ഇൻഡോ-ഷാർജ കൾച്ചറൽ സെന്റർ, വൈക്കം മുഹമ്മദ് ബഷീർ സ്മാരക സാംസ്കാരിക സമുച്ചയം, ഇന്റർനാഷണൽ കൺവെൻഷൻ സെന്റർ എന്നിവയാണ് കോഴിക്കോട് ജില്ലയിൽ സ്ഥാപിക്കാനുദ്ദേശിക്കുന്നത്.

ഈ ആവശ്യത്തിന് കോഴിക്കോട് ജില്ലയിൽ റവന്യൂ ഭൂമി ലഭ്യമല്ലാത്തതിനാൽ ജില്ലാകളക്ടർ നിർദ്ദേശിച്ച ഒളവണ്ണ വില്ലേജിൽ റീസർവ്വേ 200/2B 2B, 200/2B 2A, 200/2C, 194/7, 206/3,199/13, 200/2D എന്നീ സർവ്വേ നമ്പരുകളിൽ ഉൾപ്പെട്ട 30 ഏക്കർ 40 സെന്റ് വസ്തു പരാമർശം (1) ഉത്തരവ് പ്രകാരം ഏറ്റെടുക്കുന്നതിന് സാംസ്കാരിക വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇൻഡോ ഷാർജ കൾച്ചറൽ സെന്റർ, വൈക്കം മുഹമ്മദ് ബഷീർ സ്മാരക സാംസ്കാരിക സമുച്ചയം, ഇന്റർനാഷണൽ കൺവെൻഷൻ സെന്റർ എന്നിവ സ്ഥാപിക്കുന്നതിന് കോഴിക്കോട് ജില്ലയിലെ ഒളവണ്ണ വില്ലേജിൽ റീസർവ്വേ 200/2B 2B, 200/2B 2A, 200/2C, 194/7, 206/3, 199/13, 200/2D എന്നീ സർവ്വേ നമ്പരുകളിൽ ഉൾപ്പെട്ട 30 ഏക്കർ 40 സെന്റ് സ്വകാര്യ ഭൂമി കിഫ്ബിയിൽ നിന്ന് തുക അനുവദിച്ച് പരാമർശം ഒന്ന് ഉത്തരവ് പ്രകാരം ഏറ്റെടുക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**റാണി ജോർജ്**

**സെക്രട്ടറി**

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കിഫ്ബി

ഡയറക്ടർ, സാംസ്കാരിക വകുപ്പ്

ജില്ലാ കളക്ടർ, കോഴിക്കോട്

റവന്യൂ (ബി) വകുപ്പ്

പ്രവാസികാര്യ വകുപ്പ്

പൊതുഭരണ (എസ്.സി.) വകുപ്പ്

സാംസ്കാരികകാര്യ (എ) വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (A&E) കേരള, തിരുവനന്തപുരം

വിവര പൊതുജന സമ്പർക്ക വകുപ്പ് (മന്ത്രിസഭാ യോഗത്തിന്റെ കുറിപ്പ് സഹിതം - വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനായി)

കരുതൽ ഫയൽ/ആഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കോഴിക്കോട് ജില്ലയിലെ ഒളവണ്ണ വില്ലേജിൽ ഇൻഡോ ഷാർജ കൾച്ചറൽ സെന്റർ, കോഴിക്കോട് ജില്ല സാംസ്കാരിക സമുച്ചയം, കൺവെൻഷൻ & എക്സിബിഷൻ സെന്റർ എന്നിവ നിർമ്മിക്കുന്നതിന് ആവശ്യമായ സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിന് കിഫ്ബി ധനസഹായം ലഭ്യമാക്കുന്നത് സംബന്ധിച്ചാണ് ടി കുറിപ്പ്.

2. ഷാർജാ ഭരണാധികാരിയും സുപ്രീം കൗൺസിൽ അംഗവുമായ സുൽത്താൻ ബിൻ മുഹമ്മദ്-അൽ-ക്വാസിമി, 2017 ൽ നടത്തിയ കേരള സന്ദർശനത്തിൽ ഇരു പ്രദേശങ്ങളും തമ്മിലുള്ള ബന്ധം സുദൃഢമാക്കുന്നതിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിൽ ഒരു വിദ്യാഭ്യാസ - സാംസ്കാരിക കേന്ദ്രം സ്ഥാപിക്കാമെന്ന് സമ്മതിച്ചിരുന്നു.

3. ഇൻഡോ - ഷാർജ ഇന്റർനാഷണൽ ആർക്കൈവ്സ് & റിസർച്ച് സെന്റർ, ലേണിംഗ് സെന്റർ, കൾച്ചറൽ മ്യൂസിയം, എഡ്യുടെയിൻമെന്റ് ഹബ്ബ് എന്നിവ ഉൾക്കൊള്ളുന്നതാണ് വിഭാവനം ചെയ്തിരിക്കുന്ന സെന്റർ. അതിനായി ഒരു രൂപരേഖ സാംസ്കാരിക കാര്യ വകുപ്പ് തയ്യാറാക്കി സമർപ്പിച്ചിരുന്നു. ആയതു പ്രകാരം വൈക്കം മുഹമ്മദ് ബഷീർ സ്മാരകമായി സാംസ്കാരിക വകുപ്പിന്റെ ആഭിമുഖ്യത്തിലുള്ള സാംസ്കാരിക സമുച്ചയം, ഇൻഡോ ഷാർജ കൾച്ചറൽ സെന്റർ, ഇന്റർനാഷണൽ കൺവെൻഷൻ സെന്റർ എന്നിവ സ്ഥാപിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്.

4. കോഴിക്കോട് ജില്ലയിൽ റവന്യൂ ഭൂമി ലഭ്യമല്ലാത്തതിനാൽ കോഴിക്കോട് ജില്ലാ കളക്ടർ ഒളവണ്ണ വില്ലേജിൽ, ജില്ലാ സാംസ്കാരികനിലയത്തിനും ഇൻഡോ - ഷാർജ കൾച്ചറൽ സെന്ററിനും കൺവെൻഷൻ & എക്സിബിഷൻ സെന്ററിനും ഉപയുക്തമായ സ്വകാര്യ ഭൂമി നിർദ്ദേശിച്ചിരുന്നു. ഈ ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുക കൂടി KIIFB ഫണ്ടിൽ നിന്നും കണ്ടെത്താമെന്ന് KIIFB ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ചീഫ് സെക്രട്ടറിയുമായുള്ള ചർച്ചയിൽ ധാരണയായിരുന്നു.

5. എല്ലാ ജില്ലകളിലും സാംസ്കാരിക സമുച്ചയം സ്ഥാപിക്കുന്നതിന് ഒരു ജില്ലയ്ക്ക് 50 കോടി രൂപ നിരക്കിൽ 700 കോടി രൂപയ്ക്ക് സ.ഉ.(സാധാ) നം. 318/2017/സാം.കാ.വ. തീയതി 27/4/17 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. കോഴിക്കോട് സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിന് ലഭ്യമായ വിഹിതമായ 50 കോടി രൂപാ കൂടി ഈ പദ്ധതിയ്ക്കായി വിനിയോഗിക്കാവുന്നതാണ്.

6. ഇൻഡോ ഷാർജ കൾച്ചറൽ സെന്റർ, കോഴിക്കോട് ജില്ലയിലെ സാംസ്കാരിക സമുച്ചയം, കൺവെൻഷൻ & എക്സിബിഷൻ സെന്റർ എന്നിവ സ്ഥാപിക്കുന്നതിന് നെഗോഷ്യബിൾ പർച്ചേസ് പ്രകാരം കോഴിക്കോട് ജില്ലയിൽ ഒളവണ്ണ വില്ലേജിൽ റീസർവ്വേ 200/2B 2B, 200/2B 2A, 200/2C, 194/7, 206/3, 199/13, 200/2D എന്നീ സർവ്വേ നമ്പരുകളിൽ ഉൾപ്പെട്ട 30 ഏക്കർ 40 സെന്റ് വസ്തു ഏറ്റെടുക്കുന്നതിന് 16.02.2019 ലെ സ.ഉ.(സാധാ)നം. 71/2019/സാം.കാ.വ. പ്രകാരം പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

7. ഭൂമിയുടെ വിപണിവില, ഏറ്റെടുക്കുമ്പോൾ ഉടമകൾക്ക് നൽകേണ്ടി വരുന്ന നഷ്ട പരിഹാരം, സോളേഷ്യം തുടങ്ങിയവ ഏകദേശ നിരക്കിൽ കണക്കാക്കിയാൽ സെന്റൊന്നിന് 1.85 ലക്ഷം രൂപ പ്രകാരം 30.40 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് ആകെ 56.24 കോടി രൂപ ചെലവ് വേണ്ടിവരുമെന്ന് റവന്യൂ അധികാരികളുമായി ബന്ധപ്പെട്ടശേഷം സാംസ്കാരിക ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

8. ഇക്കാര്യത്തിൽ റവന്യൂ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

" Attention of Cultural Affairs Department may be invited to the reference cited and that department be informed that revised sanction issued as per the GO referred 2nd above according sanction for the acquisition of 30 Acres & 40 cents of land (12.30 Hectares) for the construction of Indo - Sharja International Convention & Exhibition Centre is found to be not in order, since the availability of funds has not been seen mentioned in the GO. Hence it is requested to modify the GO clearly mentioning the availability of funds and then forward the file to this department so as to accord sanction for the acquisition as per the standing instructions issued as per the GO referred 1st above. With regard to providing Rough cost estimate for the said acquisition it is requested to directly approach the District Collector, Kozhikode and obtain the same on submission of formal requisition form."

9. മുൻ ഖണ്ഡികയിൽ സൂചിപ്പിച്ച പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ KIIFB ധനസഹായം ലഭിക്കുന്നതിനുവേണ്ട നടപടികളാണ് ഇപ്പോൾ സ്വീകരിക്കുന്നത്.

10. 24/02/2018 ലെ സ.ഉ.(കൈ)69/2018/ധന പ്രകാരമുള്ള KIIFB മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം കിഫ്ബിയുടെ തെരഞ്ഞെടുത്ത പദ്ധതികളെ കൂടാതെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്നതോ മന്ത്രിസഭാ യോഗം അംഗീകരിച്ചവയോ ആയ പദ്ധതികൾക്ക് മാത്രമേ KIIFB മുഖേന ധനസഹായം ലഭ്യമാവുകയുള്ളൂ. ആയതിനാൽ ടി പദ്ധതിക്ക് മന്ത്രിസഭയുടെ അംഗീകാരം ലഭ്യമാകേണ്ടതുണ്ട്.

11. ഇൻഡോ - ഷാർജ കൾച്ചറൽ സെന്റർ, സാംസ്കാരിക സമുച്ചയം, കൺവെൻഷൻ & എക്സിബിഷൻ സെന്റർ എന്നിവയ്ക്കായി സ്ഥലം ഏറ്റെടുക്കുന്നതിന് കിഫ്ബി ധനസഹായം ലഭ്യമാക്കുന്നതിനുള്ള അനുമതിയ്ക്കായി ഫയൽ സമർപ്പിച്ചപ്പോൾ ഈ വിഷയം മന്ത്രി സഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് ബഹു. മുഖ്യമന്ത്രി ഉത്തരവിട്ടിട്ടുണ്ട്.

**തീരുമാനമെടുക്കേണ്ട വിഷയം**

കോഴിക്കോട് ജില്ലയിലെ ഒളവണ്ണ വില്ലേജിൽ സ്ഥാപിക്കുവാനുദ്ദേശിക്കുന്ന ഇൻഡോ - ഷാർജ കൾച്ചറൽ സെന്റർ, സാംസ്കാരിക വകുപ്പിന്റെ വൈക്കം മുഹമ്മദ് ബഷീർ സ്മാരക സാംസ്കാരിക സമുച്ചയം, ഇന്റർനാഷണൽ കൺവെൻഷൻ സെന്റർ എന്നിവയ്ക്ക് വേണ്ടി 30 ഏക്കർ 40 സെന്റ് സ്വകാര്യ ഭൂമി, കിഫ്ബിയിൽ നിന്നും തുക അനുവദിച്ചുകൊണ്ട് ഏറ്റെടുക്കാമോ?